29/09/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 351(3)/2011 *എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.2545/*എസ്.ഐ.സി-ജി 1*/2011 & 9342/*എസ്.ഐ.സി-ജി 1*/2022)

സന്നിഹിതൻ

**എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

തീയതി : 29.09.2022

| | |
|---|---|
| ശ്രീ. വി. മൊയ്തീൻകുട്ടി,<br>മെമ്പർ സെക്രട്ടറി, കമ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റി, (സി.ഡി.എസ്) റജി. നം. 1422/98,<br>പഴയ പോസ്റ്റാഫീസിന് സമീപം,<br>പി.ഒ. കൊളത്തൂർ, മലപ്പുറം – 679 338 | അപ്പീൽ ഹർജിക്കാരൻ |

Vs.

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ,<br>കുടുംബശ്രീ, സ്റ്റേറ്റ് പോവർട്ടി ഇറാഡിക്കേഷൻ മിഷൻ,<br>ട്രിഡാ ബിൽഡിംഗ്, മെഡിക്കൽ കോളേജ് പി.ഒ.,<br>തിരുവനന്തപുരം – 659 011.<br><br>2. അപ്പീൽ അധികാരി,<br>കുടുംബശ്രീ, സ്റ്റേറ്റ് പോവർട്ടി ഇറാഡിക്കേഷൻ മിഷൻ,<br>ട്രിഡാ ബിൽഡിംഗ്, മെഡിക്കൽ കോളേജ് പി.ഒ.,<br>തിരുവനന്തപുരം – 659 011. | എതിർകക്ഷികൾ |

## ഉത്തരവ്

സംസ്ഥാന കുടുംബശ്രീ മിഷനിൽ മലപ്പുറം കൊളത്തൂർ സ്വദേശി ശ്രീ. മൊയ്തീൻകുട്ടി എന്നയാൾ 2010 ഓഗസ്റ്റ് 9-ാം തീയതി വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം നൽകിയ അപേക്ഷയിന്മേൽ സമർപ്പിക്കപ്പെട്ട രണ്ടാം അപ്പീലിൽ സംസ്ഥാന വിവരാവകാശ കമ്മീഷൻ 2012 മെയ് 14-ാം തീയതി പുറപ്പെടുവിച്ച ഉത്തരവിനെതിരെ കുടുംബശ്രീ. സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ, അപ്പീൽ അധികാരി എന്നിവർ ബഹു. കേരള ഹൈക്കോടതി

മുമ്പാകെ W.P(C) No. 22020/2012 ആയി റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരുന്നു. അതിന്മേൽ ബഹു. കേരള ഹൈക്കോടതിയുടെ 2022 മെയ് 30-ാം തീയതിയിലെ വിധിന്യായത്തിൽ ടി കേസിലെ രണ്ടാം എതിർകക്ഷിയായ സംസ്ഥാന വിവരാവകാശ കമ്മീഷൻ ഈ കേസിൽ 'സെക്ഷൻ 20(1) പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കാൻമാത്രം ബോധപൂർവ്വമായ നടപടിയായിരുന്നോ ഈ അപേക്ഷയിൽ വിവരം നിഷേധിച്ച കുടുംബശ്രീയുടേതെന്ന്' തുറന്ന മനസ്സോടെ പരിഗണിക്കണം എന്ന് നിർദ്ദേശിച്ചിരുന്നു. ഒപ്പം 'പരാതിക്കാർക്ക് കമ്മീഷന്റെ 20.06.2012 ലെ show cause നോട്ടീസിന് വിരുദ്ധ അഭിപ്രായമോ മറുപടിയോ ഉണ്ടെങ്കിൽ ഒരു മാസത്തിനകം സമർപ്പിക്കണമെന്നും' ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. show cause നോട്ടീസിന് 11.08.2022 ൽ കുടുംബശ്രീ മിഷൻ മറുപടി നൽകിയിരുന്നു. 16.09.2022 ലെ കമ്മീഷൻ നോട്ടീസ് പ്രകാരം 28.09.2022 ന് നേരിൽ കേൾക്കുന്നതിനായി അപേക്ഷകനായ ശ്രീ. വി. മൊയ്തീൻ കുട്ടിയേയും കുടുംബശ്രീ ഡയറക്ടർക്ക് വേണ്ടി ഹാജരായ എസ്.പി.ഐ.ഒ. യും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുമായ ശ്രീ. അനിൽ കുമാറിനേയും കമ്മീഷൻ വിശദമായി കേൾക്കുകയുണ്ടായി. അപ്പീൽ അധികാരി ഹാജരായില്ല. ഈ വിചാരണയിൽ, കുടുംബശ്രീയിലെ നിലവിലുള്ള ഫയലിൽ അപേക്ഷകൻ നൽകിയ വിവരാവകാശ അപേക്ഷ കണ്ടെത്താൻ കഴിഞ്ഞില്ലെന്നും ഓഫീസിൽ റെക്കോർഡ് സെക്ഷൻ ഇല്ലെന്നും ഫയൽ പുന:സൃഷ്ടിക്കാൻ ശ്രമിച്ചിട്ടില്ലെന്നും കുടുംബശ്രീയിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, മെമ്മോറാണ്ടം ഓഫ് അസോസ്സിയേഷൻ എന്നിവ ഉണ്ടെന്നും ഗവേണിംഗ് ബോഡിക്ക് ജനറൽ കൗൺസിലും എക്സിക്യൂട്ടീവ് കമ്മിറ്റിയും ഉണ്ടെന്നും എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് മാസത്തിൽ ഒരിക്കലും ജനറൽ കൗൺസിൽ മീറ്റിംഗ് മൂന്നുമാസത്തിൽ ഒരിക്കലും കൂടാറുണ്ടെന്നും ഇതിന്റെയെല്ലാം മിനിറ്റ്സ് ഓഫീസിൽ ഉണ്ടെന്നും കമ്മീഷന്റെ ചോദ്യങ്ങൾക്ക് എസ്.പി.ഐ.ഒ മറുപടി നൽകുകയുണ്ടായി. കൂടാതെ 6(1) അപേക്ഷ ലഭിച്ച സമയത്തും അപ്പീൽ അപേക്ഷ ലഭിച്ച സമയത്തും എസ്.പി.ഐ.ഒ ആയിരുന്നത് ശ്രീ. മനോഹരൻ ആണെന്നും ഹിയറിംഗിൽ ഹാജരായ എസ്.പി.ഐ.ഒ മൊഴി നൽകിയിട്ടുണ്ട്. അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാന് ലഭ്യമാക്കാമെന്നും എസ്.പി.ഐ.ഒ ഹിയറിംഗിൽ സമ്മതിച്ചു.

2) '2012 മെയ് 14 തീയതിയിലെ കമ്മീഷന്റെ ഉത്തരവിൽ പരാമർശിക്കുന്ന ശ്രീ. പി.കെ.തോമസ് 09.08.2010 ൽ 6(1) അപേക്ഷ ലഭിച്ച സമയത്തും 20.12.2010 ൽ 19(1) പ്രകാരം ആദ്യ അപ്പീൽ ലഭിച്ച സമയത്തും കുടുംബശ്രീ എസ്.പി.ഐ.ഒ ആയിരുന്നില്ല എന്നുള്ള ശ്രീ. പി.കെ. തോമസിന്റെ മറുപടി പരിഗണിച്ചും 10 വർഷത്തിലേറെ പഴക്കമുള്ള ഫയൽ ആയതിനാൽ അത് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ തുടർ നടപടി അവസാനിപ്പിക്കണം' എന്നുമാണ് കുടുംബശ്രീ മിഷൻ ഡയറക്ടർ show cause ന് ഉള്ള മറുപടിയിൽ വിശദീകരിച്ചിട്ടുള്ളത്. ഒരു ഓഫീസിന്റെ മേധാവി എന്ന നിലയിൽ ഒരു നിശ്ചിത കാലയളവിൽ തന്റെ ഓഫീസിലെ ഒരു പ്രത്യേക സീറ്റിൽ ഒരു നിശ്ചിത ചുമതല നിർവ്വഹിക്കുന്നത് ആരാണെന്ന് കുടുംബശ്രീ ഡയറക്ടർ മനസ്സിലാക്കുകയും ഒരു ഭരണഘടന സ്ഥാപനത്തിനു അത് കൃത്യമായി ധരിപ്പിക്കണമെന്ന ചുമതലാ ബോധത്തോടെ മറുപടി കുറിക്കുകയും ചെയ്യേണ്ടതായിരുന്നു. പകരം അക്കാലത്ത് അതുമായി ബന്ധമില്ലാതിരുന്ന ഒരാൾ പറഞ്ഞ വിശദീകരണം കേട്ടുകൊണ്ട്മാത്രം യഥാർത്ഥ ചുമതലക്കാരനെ തിരിച്ചറിയാതെ വിഷയം അവസാനിപ്പിക്കണമെന്നാണ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നത്. ഇത് ഉത്തരവാദികളായ ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്ന സമീപനമാണ്. ഒരു സർക്കാർ സംവിധാനത്തിലെ ഫയൽ കാണുന്നില്ല എന്ന് പറഞ്ഞ് ഒഴിയുന്നതും നിരുത്തരവാദപരമാണ്. സർക്കാർ തീർപ്പ് ഫയലുകളുടെ സൂക്ഷിപ്പിന് വ്യവസ്ഥാപിതമായ മാർഗ്ഗങ്ങൾ ഉണ്ട്. R-Dis – സ്ഥിരമായി സൂക്ഷിക്കേണ്ടവ, D-Dis – 10 വർഷം സൂക്ഷിക്കേണ്ടവ, K-Dis – മൂന്ന് വർഷം സൂക്ഷിക്കേണ്ടവ, L-Dis– ഒരു വർഷം സൂക്ഷിക്കേണ്ടവ, F-Dis – ഒരു വർഷത്തേക്ക് മാത്രമായി കെട്ടി വയ്ക്കേണ്ടവ, N-Dis– സൂക്ഷിക്കേണ്ടതില്ലാത്തവ തുടങ്ങിയവ ഈ മാർഗ്ഗങ്ങളാണ്. ഇതിൽ ഏതെങ്കിലും മാർഗ്ഗേന സംരക്ഷിക്കുകയും സൂക്ഷിക്കുകയും ചെയ്യേണ്ടതാണ് വിവരാവകാശ നിയമപ്രകാരമുള്ള ഫയലുകളും എന്നിരിക്കെ ഫയൽ കാണുന്നില്ല എന്ന് ലളിതമായി പറഞ്ഞ് വിഷയം തീർക്കാനാണ് കുടുംബശ്രീ മിഷൻ ശ്രമിച്ചിട്ടുള്ളത്. ഇത് ഒരു സർക്കാർ വകുപ്പിന്റെ/ഏജൻസിയുടെ ദൈനംദിന പ്രവർത്തനത്തിന്റെ രേഖകൾ

സൂക്ഷിക്കുന്നതിൽ പുലർത്തേണ്ട ഗൗരവവും അച്ചടക്കവും ചിട്ടയും സംസ്ഥാന കുടുംബശ്രീ മിഷനിൽ പുലർത്തുന്നില്ല എന്ന് വ്യക്തമാക്കുന്നതാണ്. ഇത് ബന്ധപ്പെട്ട ചട്ടങ്ങളുടെ ലംഘനവുമാണ്. 28.09.2022 ലെ വിചാരണയിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എഴുതി സമർപ്പിച്ച റിപ്പോർട്ടിൽ 09.08.2010 കാലയളവിൽ കുടുംബശ്രീ എസ്.പി.ഐ.ഒ ആയിരുന്നത് ശ്രീ. മനോഹരൻ എന്ന മറ്റൊരാൾ ആണെന്നും രേഖപ്പെടുത്തി കാണുന്നു. ഇക്കാര്യം നേരത്തേ വ്യക്തമാക്കി കൊണ്ട് കമ്മീഷന് മറുപടി നൽകിയിരുന്നുവെങ്കിൽ ശ്രീ. പി.കെ തോമസിന് എതിരെ സെക്ഷൻ 20(1) നടപടികളുടെ പ്രാഥമിക നീക്കങ്ങൾ കമ്മീഷൻ നടത്തുമായിരുന്നില്ല. ആരാണ് കമ്മീഷൻ മുമ്പാകെ ശ്രീ. പി.കെ തോമസിന്റെ പേര് അറിയിച്ചത് എന്ന കാര്യവും ഡയറക്ടർ പരിശോധിക്കേണ്ടതായിരുന്നു.

3) വിവരാവകാശ നിയമ പ്രകാരം ഒരു സർക്കാർ ഫയലിലെ രേഖകളുടെ പകർപ്പ് ആവശ്യപ്പെടുന്ന അപേക്ഷകന്റെ വിലാസം പോലെ അദ്ദേഹത്തെ ബന്ധപ്പെടാവുന്ന വിവരങ്ങൾ അല്ലാതെ മറ്റൊന്നും അന്വേഷിക്കുകയോ അദ്ദേഹം തേടുന്ന വിവരങ്ങളുടെ മെറിറ്റിലേയ്ക്ക് പോകുകയോ ചെയ്യാൻ നിയമത്തിൽ വ്യവസ്ഥയില്ല. അതുകൊണ്ടു തന്നെ കുടുംബശ്രീ മിഷൻ, കമ്മീഷന്റെ മുന്നിൽ ധരിപ്പിക്കാൻ ശ്രമിക്കുന്ന അപേക്ഷകന്റെ വ്യക്തി വിവരങ്ങളിലേക്ക് കടക്കാൻ ഈ കമ്മീഷന് താൽപ്പര്യം ഇല്ല. ഒരു ഇന്ത്യൻ പൗരൻ എന്ന നിലയ്ക്ക് അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ അദ്ദേഹത്തിന് ലഭിക്കാൻ അർഹതയുണ്ട് എന്ന് തന്നെയാണ് ഈ വിഷയം തുറന്ന, മനസ്സോടെ പരിഗണിച്ച ഈ കമ്മീഷനും ബോധ്യമാകുന്നത്.

4) സ്റ്റേറ്റ് പോവർട്ടി ഇറാഡിക്കേഷൻ മിഷന്റെ റൂൾസ് ആന്റ് റഗുലേഷൻസ്, മെമ്മോറാണ്ടം ഓഫ് അസോസ്സിയേഷൻ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ജനറൽ ബോഡി യോഗ തീരുമാനങ്ങൾ, ഗവേണിംഗ് ബോഡി ഹാജരും തീരുമാനങ്ങളും എന്നിവയെല്ലാം സ്ഥാപനത്തിന്റെ സ്ഥാപക രേഖകളും എക്കാലവും ടി സ്ഥാപനത്തിൽ ഉണ്ടായിരിക്കേണ്ട പൊതു രേഖകളുമാണ്. ഒരു അപേക്ഷകൻ ആവശ്യപ്പെടാത്ത സാഹചര്യത്തിൽ പോലും എല്ലാവരുടേയും പൊതു അറിവിലേക്ക്വേണ്ടി സ്വയമേവ പ്രസിദ്ധപ്പെടുത്തേണ്ടവയാണ് ഇവയിൽ പലതും എന്നിരുന്നിട്ടും അപേക്ഷകന് ഈ വിവരം നൽകാതിരുന്ന അന്നത്തെ

എസ്.പി.ഐ.ഒ കുറ്റം ചെയ്തിട്ടുള്ളതായി കമ്മീഷന് ബോധ്യമാവുന്നു. ഹിയറിംഗിൽ ഹാജരായ നിലവിലെ എസ്.പി.ഐ.ഒ ശ്രീ. അനിൽ കുമാർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത് അപേക്ഷകൻ രേഖകൾ ആവശ്യപ്പെട്ട് സമർപ്പിച്ച 6(1) അപേക്ഷ പോലും കാണുന്നില്ല എന്നാണ്. ഇത് അപേക്ഷകന് മറുപടി നൽകാതിരിക്കാനുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ ഭാഗമാണ് എന്ന് സംശയിക്കാവുന്നതാണ്. ഈ കാര്യം വിശദമായി പരിശോധിച്ച് കമ്മീഷൻ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

(എ) അപേക്ഷകൻ സമർപ്പിച്ച 09.08.2010 ലെ 6(1) അപേക്ഷയുടെ ഒരു പകർപ്പ് ഇതുമായി ബന്ധപ്പെട്ട നടപടികൾ എളുപ്പമാക്കുന്നതിന് കുടുംബശ്രീ എസ്.പി.ഐ.ഒ യ്ക്ക് ഇന്നേ ദിവസം (28.09.2022) കമ്മീഷൻ ജോയിന്റ് സെക്രട്ടറി കൈമാറേണ്ടതാണ്.

(ബി) ഈ പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ 1 മുതൽ 4 വരെ നമ്പറിട്ട് ആവശ്യപ്പെട്ടിട്ടുള്ള രേഖകളുടെ പകർപ്പ് അപേക്ഷകന് ലഭ്യമാക്കാമെന്ന് കമ്മീഷൻ മുമ്പാകെ സമ്മതിച്ച എസ്.പി.ഐ.ഒ 15.10.2022 നകം അത് നടപ്പിൽ വരുത്തിയ ശേഷം 20.10.2022 നകം ഈ കമ്മീഷനിൽ കൈപ്പറ്റ് രസീത് ഹാജരാക്കേണ്ടതാണ്. അപേക്ഷയിലെ 5 മുതൽ 7 വരെയുള്ള ആവശ്യങ്ങൾക്ക് നേരത്തേ അറ്റസ്റ്റ് ചെയ്യാതെ പകർപ്പുകൾ നൽകിയതിനാൽ വീണ്ടും അതേ രേഖകളുടെ പുതിയ പകർപ്പ് എടുത്ത് ഓരോ പകർപ്പിലും '2005 വിവരാവകാശ നിയമപ്രകാരം നൽകുന്ന പകർപ്പ് എന്ന് രേഖപ്പെടുത്തി അറ്റസ്റ്റ് ചെയ്ത് നൽകേണ്ടതാണ്' എന്നുള്ള സർക്കാർ പരിപത്രത്തിലെ നിർദ്ദേശവും പാലിച്ച് അറ്റസ്റ്റ് ചെയ്ത് 15.10.2022 നകം അപേക്ഷകന് നൽകേണ്ടതും 22.10.2022 നകം കമ്മീഷൻ മുമ്പാകെ കൈപ്പറ്റ് രസീത് ഹാജരാക്കേണ്ടതുമാണ്.

(സി) 09.08.2010 ലെ അപേക്ഷാ സമയത്തും 20.12.2010 ലെ അപ്പീൽ പെറ്റീഷൻ സമയത്തും എസ്.പി.ഐ.ഒ ആയിരുന്നത് ശ്രീ. പി.കെ. തോമസ് ആണ് എന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യം എന്തായിരുന്നു എന്ന് സംസ്ഥാന കുടുംബശ്രീ മിഷൻ അന്വേഷിക്കേണ്ടതാണ്.

(ഡി) 09.08.2010, 20.12.2010 കാലയളവിൽ എസ്.പി.ഐ.ഒ ആയിരുന്നത് ശ്രീ. മനോഹരൻ എന്ന ആളാണെന്ന 28.09.2022 ലെ ഹിയറിംഗിൽ സമർപ്പിക്കപ്പെട്ട രേഖയിൽ പറയുന്ന കാര്യത്തിന്റെ വസ്തുതാപരമായ

പരിശോധന കുടുംബശ്രീ ഡയറക്ടർ നടത്തേണ്ടതും ടിയാൻ ആണെന്ന് തന്നെ ബോധ്യമാകുന്ന പക്ഷം വിവരാവകാശ നിയമം 2005 പ്രകാരം ശ്രീ. മൊയ്തീൻകുട്ടി 09.08.2010 ൽ സമർപ്പിച്ച 6(1) പ്രകാരമുള്ള അപേക്ഷയ്ക്കും 20.12.2010 ൽ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണിച്ചും വിവരം നൽകാതിരുന്നതിന് ടിയാനെതിരെ വിവരാവകാശ നിയമം 2005 സെക്ഷൻ 20(1) അനുസരിച്ച് ശിക്ഷാ നടപടി എടുക്കാതിരിക്കാൻ തക്കതായ കാരണമുണ്ടെങ്കിൽ ആയത് അദ്ദേഹത്തിൽ നിന്ന് രേഖാമൂലം ശേഖരിച്ച് 31.10.2022 നകം ഈ കമ്മീഷൻ മുമ്പാകെ കുടുംബശ്രീ മിഷൻ ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.

(ഇ) 28.09.2022 ൽ കമ്മീഷൻ മുമ്പാകെ കുടുംബശ്രീ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൽ 09.08.2010, 20.12.2010 കാലയളവിൽ ശ്രീ. പി.കെ. തോമസ് ആയിരുന്നില്ല എസ്.പി.ഐ.ഒ എന്ന് ഇപ്പോൾ റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ 2012 മെയ് 14-ാം തീയതിയിലെ കമ്മീഷന്റെ A.P.351(3)/2011/SIC നമ്പർ ഉത്തരവിലെ നടപടി നിർദ്ദേശങ്ങളിൽ നിന്ന് ശ്രീ. പി.കെ. തോമസിനെ ഒഴിവാക്കികൊണ്ടും ഉത്തരവാകുന്നു.

5) മേൽ പ്രസ്താവിച്ച പ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ 30.05.2022 ലെ W.P(C) No. 22020/2012 ലെ വിധിന്യായത്തിലെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തികൊണ്ട്, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022 സെപ്റ്റംബർ മാസം 29-ാം തീയതി) തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

vkm